പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3315 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സുകളെ സി.എൻ.ജി. യിലേക്ക് മാറ്റുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളെ സി.എൻ.ജി. യിലേക്ക് മാറ്റുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (എ) | കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാചറൽ ഗ്യാസി (CNG) ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ. ടി.സി.യുടെ ആലുവ റീജിയണൽ വർക്ക് ഷോപ്പിലും, തേവരയിലും, തിരുവനന്തപുരം ആനയറയിലും, കൊല്ലത്തും, കണ്ണൂരിലും, തൃശ്ശൂരിലും സി.എൻ.ജി. ഡിസ്പൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കി നടപ്പു വർഷത്തിൽ ബസ്സുകൾ വാങ്ങുന്നതിനായി 50 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വാഹനങ്ങളിൽ സി.എൻ.ജി. നിറയ്ക്കുന്നതിനുള്ള സംവിധാനം ആദ്യ പടിയായി ഏതൊക്കെ സ്ഥലങ്ങളിൽ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ആദ്യ പടിയായി കെ.എസ്.ആർ.ടി.സിയുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും, തേവരയിലും, തിരുവനന്തപുരം ആനയറയിലും, കൊല്ലത്തും, കണ്ണൂരിലും, തൃശ്ശൂരിലും വാഹനങ്ങളിൽ സി.എൻ.ജി. നിറയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഈ വർഷാവസാനം കെ.എസ്.ആർ. ടി.സി. യുടെ എത്ര പാസഞ്ചർ വാഹനങ്ങൾ സി.എൻ.ജി. യിലേക്ക് മാറ്റാനാകുമെന്നാണ് കരുതുന്നത്; ഇതിലേക്കുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പുതിയ 1000 സി.എൻ.ജി. ബസ്സുകൾ നിരത്തിലുറക്കുവാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റു സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്ന മുറയ്ക്ക് തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ